ഉത്തരം

(എ) സംസ്ഥാനത്ത് 2001-2002 സാമ്പത്തികവർഷം മുതൽ 2005-2006 സാമ്പത്തികവർഷം ജൂലൈ 31 വരെ എക്സൈസ് വകുപ്പിന്റെ വരുമാനം ചുവടെ ചേർക്കുന്നു:

സാമ്പത്തികവർഷം	*വരുമാനം (കോടിയിൽ)*
2001-2002	534.09
2002-2003	656.48
2003-2004	663.55
2004-2005	738.39
2005-2006 (31-7-2005 വരെ)	265.49

2001-2002 സാമ്പത്തികവർഷം മുതൽ എക്സൈസ് വകുപ്പിന്റെ വരുമാനത്തിൽ ക്രമാനുഗതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) ലേലസമ്പ്രദായം നിലവിലില്ല. പുട്ടിയിട്ട നിലവിലുള്ള കള്ളുഷാപ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിലേക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പിരിച്ചുവിടപ്പെട്ട ചാരായത്തൊഴിലാളികൾക്ക് പുനർനിയമനം

27 [3280] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരായ വ്യവസായത്തിൽ തൊഴിലെടുത്തുവന്നിരുന്ന പിരിച്ചുവിടപ്പെട്ട തൊഴിലാളികളെ ബിവറേജസ് കോർപ്പറേഷനിൽ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ബിവറേജസ് കോർപ്പറേഷനിൽ പിരിച്ചുവിട്ട ചാരായത്തൊഴിലാളികളിൽ നിന്ന് ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ എത്ര പേരെ ഏതൊക്കെ തസ്തികകളിൽ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പിരിച്ചുവിടപ്പെട്ട ചാരായത്തൊഴിലാളികൾക്ക് കഴിഞ്ഞ നാലു വർഷത്തിനിടയിൽ സർക്കാർ എന്തെങ്കിലും സാമ്പത്തികസഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നൽകിയ സംഖ്യ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കള്ളുഷാപ്പുകളിൽ ചാരായത്തൊഴിലാളികളെ നിയമിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് കഴിഞ്ഞ നാലു വർഷത്തിനിടയിൽ എത്ര ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 20-2-2002-ലെ സർക്കാർ ഉത്തരവ് നമ്പർ (ആർറ്റി.) നമ്പർ 81/02/നി.വ. പ്രകാരം സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ഭാവിയിൽ തുറക്കുന്ന ചില്ലറ വില്പനശാലകളിൽ ദിവസവേതന ജീവനക്കാരുടെ തസ്തികകളിൽ 25% അബ്കാരി തൊഴിലാളിക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തതും 1-4-1996-ലെ ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ടവരുമായ ചാരായത്തൊഴിലാളികളെ നിയമിക്കണമെന്നും തുടർന്ന് 7-8-2004-ലെ സർക്കാർ ഉത്തരവ് നമ്പർ 567/04/നി.വ. പ്രകാരം മരണമടഞ്ഞതും ആത്മഹത്യ ചെയ്തതുമായ തൊഴിലാളികളുടെ ആശ്രിതർക്ക് മേൽപ്പറഞ്ഞ നിയമനങ്ങൾ നൽകണമെന്ന് ഉത്തരവായി. ഇതുപ്രകാരം വിവിധ ജില്ലകളിലായി ബിവറേജസ് കോർപ്പറേഷന് 51 പേരെ ദിവസവേതനത്തിൽ നിയമിക്കാൻ കഴിയും.

(ബി) ആർക്കും നിയമനം നൽകിയിട്ടില്ല.

(സി) തൊഴിൽ നഷ്ടപ്പെട്ട മുൻചാരായത്തൊഴിലാളികൾക്ക് നൽകിയ സർക്കാർ ധനസഹായം കൈപ്പറ്റാതിരുന്നവരിൽനിന്നും നാല് തൊഴിലാളികൾക്ക് 30,000 രൂപ വീതം 1,20,000 രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) കേരളത്തിലെ തൊഴിൽ നഷ്ടപ്പെട്ട മുഴുവൻ ചാരായത്തൊഴിലാളികൾക്കും കള്ളുഷാപ്പുകളിൽ തൊഴിൽ നൽകി സംരക്ഷിക്കുവാൻ 30-3-2002-ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി) നമ്പർ 24/02/റ്റി.ഡി. പ്രകാരം പുറപ്പെടുവിച്ച കേരള അബ്കാരി ഷോപ്സ് ഡിസ്പോസൽ റൂൾസ് 2002-ലെ വകുപ്പ് 4(2), വകുപ്പ് 9(10)(ബി) എന്നീ വകുപ്പുകളിൽ സംസ്ഥാനത്ത് തൊഴിൽ നഷ്ടപ്പെട്ട ചാരായത്തൊഴിലാളികളിൽ ഒരാളെവീതം നിലവിലുള്ള കള്ളുഷാപ്പുകളിൽ നിയമിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

മദ്യനിരോധനം ഘട്ടംഘട്ടമായി നടപ്പാക്കണമെന്ന സർക്കാർ പ്രഖ്യാപനം

28 [3281] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യനിരോധനം ഘട്ടംഘട്ടമായി നടപ്പാക്കണമെന്ന സർക്കാർ പ്രഖ്യാപനം എത്രത്തോളം പ്രാവർത്തികമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇത് പരിശോധിക്കുന്നതിനായി സർക്കാർ ഏതെങ്കിലും സമിതിക്ക് രൂപംനൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly